# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവധി അനുവദിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ. Roc. 12197/2015/Est.2    തിരുവനന്തപുരം, തീയതി    08/11/2016

---

പരാമർശം : 1. ദേവസ്വം ബോർഡിന്റെ 17/07/2016 ലെ മേൽ നമ്പർ കത്ത്

2. ദേവസ്വം കമ്മീഷണറുടെ 30/09/2016 ലെ ആർ.ഒ.സി 19203/15/എസ്. നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ മത്സരിക്കുന്നതിന്, അവർ വിജയിച്ച് പ്രസ്തുത സ്ഥാനത്ത് തുടരുന്നിടത്തോളം കാലം, അവധിയിൽ പ്രവേശിക്കണമെന്ന വ്യവസ്ഥ ചെയ്തിരുന്നു.

ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരിൽ ചിലർ പ്രസ്തുത കാലയളവു മുഴുവൻ അവധിയിൽ പ്രവേശിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി നൽകണമെന്നു കാണിച്ച് അപേക്ഷകൾ ഹാജരാക്കിയ സാഹചര്യത്തിൽ ദേവസ്വം ജീവനക്കാരിൽ എത്രപേർ ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരായി ഉണ്ടെന്നുള്ള വിവരവും അവധി ഒഴിവാക്കി നൽകുന്നതു സംബന്ധിച്ചുള്ള അഭിപ്രായവും അറിയിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി (പരാമർശം-1)

ദേവസ്വം ബോർഡ് ജീവനക്കാരിൽ കടുത്തുരുത്തി ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ ശ്രീ. എൻ.പി. കൃഷ്ണകുമാർ, ആറന്മുള ദേവസ്വം വാച്ചർ ശ്രീ. കെ. ആർ. സുരേഷ് കുമാർ, തിരുവല്ല ഗ്രൂപ്പിലെ വാച്ചർ ശ്രീ. കെ. എ. സുരേഷ് കുമാർ, കൊട്ടാരക്കര വെളിനല്ലൂർ ദേവസ്വം ശാന്തി ശ്രീ. എം. വിഷ്ണു നമ്പൂതി എന്നീ നാലു പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിച്ച് ജയിച്ച് അംഗങ്ങളായി പ്രവർത്തിച്ചു വരികയാണന്നും അവധി ഒഴിവാക്കുക എന്നത് ബോർഡുതലത്തിൽ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളേണ്ടതാണന്നും കാണിച്ച് ദേവസ്വം കമ്മീഷണർ റിപ്പോർട്ട അയച്ചു. (പരാമർശം - 3)

ഈ വിഷയം പരാമർശം 3 റിപ്പോർട്ട് അടിസ്ഥാനമാക്കി ബോർഡ് വിശദമായി പരിശോധിച്ചു. കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിലെ ചാപ്റ്റർ XIV A ചട്ടം 56 ൽ (5), (6), (7) ഉപചട്ടങ്ങളായി വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ചെയർമാൻ അല്ലെങ്കിൽ ചെയർപേഴസൺ ആയി തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് അവർ പ്രസ്തുത സ്ഥാനം വഹിക്കുന്ന കാലയളവ് ശമ്പളമില്ലാത്ത അവധി അനുവദിക്കുന്നതിനും എന്നാൽ ടി അവധികാലം ഇംക്രിമെന്റ്, ഹയർ സ്കെയിൽ, പെൻഷൻ എന്നിവക്ക് പരിഗണക്കണമെന്നും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20 ദിവസം വരെ ഡ്യൂട്ടി ലീവ് അനുവദിക്കാമെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി തെരഞ്ഞെടു

ക്കപ്പെടുന്നവർക്ക് 15 ദിവസം വരെ ഡ്യൂട്ടി ലീവ് അനുവദിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വസ്തുത ഇതാകയാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥപനങ്ങൾ അടക്കമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടാൽ ആ കാലയളവു മുഴുവൻ അവധിയിൽ പ്രവേശിക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ പ്രകാരം നൽകിവരുന്ന ആനുകൂല്യം പ്രസ്തുത ജീവനക്കാർക്കും ഉത്തരവു തീയതി മുതൽ നൽകുന്നതിന് അനുവദിച്ച് ബോർഡുത്തവായിട്ടുള്ളതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

9/11/16

സെക്രട്ടറി

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഓഫീസ് മേധാവികൾക്കും
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഓഫീസ് ഫെയർ കോപ്പി

} കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിലെ ചാപ്റ്റർ XIV A ചട്ടം 56 ന്റെ പകർപ്പ് സഹിതം

**56. Leave Rules:-** (1) In the matter of casual leave and all other kinds of leave, the teachers of aided schools shall be governed by the Rules for teachers of government schools in the Service Regulations for the time being in force.



[1][Provided that the matter of leave, the teachers appointed for limited periods ie those appointed in short vacancies and those appointed in regular vacancies but not eligible for vacation salary under rule 49, shall be governmed by the leave rules in Appendix VIII of Kerala Service Rules].

[2][(2) Teachers who are members of the Legislative Assembly shall be granted special leave without pay for attending the sessions of Legislature. Such leave may be combined with the vacation . The period of special leave granted under this rule shall count for increment but not for leave]

[3][(2A) Teachers who are members of the Legislative Assembly may be granted special leave without pay for attending the sessions of the Legislature and their work in their constituencies for one entire academic year at a time or for the entire period of membership of the Assembly. [4][The period of such leave shall count for increments and higher scale of pay but not for leave and pension]

[5][(3) Teachers who are members of the University bodies attending the meeting of such bodies in their official capacity shall be treated as on duty including the actual days taken for to and fro journey]

[6][ (4) A Teacher shall cease to be in service after a continuous absence of 5 years whether with or without leave]

[7][(5) Teachers who are elected as Presidents, Chairman or Chairpersons of local bodies constituted under the Kerala Panchayat Raj Act, 1994 and the Kerala Municipalities Act, 1994, shall be granted special leave without pay for attending their duties under the said Acts for one entire academic year at a time or part thereof or for the entire period of their holding such office. The period of such leave shall count for increments, higher scale of pay and pension but not for leave, if so requested.

(6) Teachers who are elected as Presidents, Chairman or Chairpersons of local bodies, constituted under the Kerala Panchayat Raj Act, 1994 and Kerala Municipalities Act, 1994 and who are elected as Chairman or Chairpersons of standing committees constituted under such local bodies shall be granted duty leave upto 20 days in an academic year, without detrimental to their duties and responsibilities being a teacher in the school and to the academic interest of the students, for attending to the meetings of the concerned local bodies.

(7) Teachers who are are elected as members of the local bodies, constituted under the Kerala Panchayat Raj Act, 1994 and the Kerala Municipalities Act, 1994, shall be granted duty leave upto 15 days in an academic year, without detrimental to their duties and responsibilties being a teacher in the school and to the academic interest of the students, for attending the meeting of the concerned local bodies.]